## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 135 — 21.1.2014-ന് മറുപടിക്ക്

### നഗരവികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അച്ചുതൻ<br>,, വി. ഡി. സതീശൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, എം. എ. വാഹീദ് | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന നഗര വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | എ) ഉണ്ട്. ജവഹർ ലാൽ നെഹ്റു ദേശീയ നഗര പുനരുദ്ധാരണ മിഷൻ (ജെ.എൻ.എൻ.യു.ആർ.എം), ചെറുതും ഇടത്തരവുമായ പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതി (യു.ഐ.ഡി.എസ്.എസ്.എം.ടി) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ട്രാൻസിഷൻ ഫെയ്സിൽ ഉൾപ്പെടുത്തി കേരളത്തിലെ വിവിധ നഗരങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനു തകുന്ന പദ്ധതികൾക്ക് രൂപം നല്കിയിട്ടുണ്ട്. ഇതു കൂടാതെ, സ്വർണ്ണജയന്തി ഷഹാരി റോസ്ഗാർ യോജന(SJSRY), നഗരങ്ങളിലെ പാവപ്പെട്ടവർക്ക് അടിസ്ഥാന സൗകര്യങ്ങൾ (BSUP), രാജീവ് ആവാസ് യോജന(RAY), സംയോജിത പാർപ്പിട ചേരിവികസന പരിപാടി (IHSDP), നഗരപ്രദേശങ്ങളിലെ ചെലവുകുറഞ്ഞ സമഗ്ര ശുചിത്വപരിപാടി, തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാനത്തു നടപ്പിലാക്കി വരുന്നു. |
| ബി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പ്രസ്തുത പദ്ധതി നടത്തിപ്പിനായി പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) ജെ.എൻ.എൻ.യു.ആർ.എം., യു.ഐ.ഡി.എസ്.എസ്.എം.ടി ട്രാൻസിഷൻ ഫെയ്സിൻ കീഴിൽ കേന്ദ്ര നഗരകാര്യ വകുപ്പ് അംഗീകരിക്കുന്ന ഓരോ പദ്ധതിയുടെയും അടങ്കൽ തുകയുടെ 80 ശതമാനം കേന്ദ്രവിഹിതമായി ലഭിക്കും. കൊച്ചി നഗരസഭയുടെ പദ്ധതികൾക്ക് അടങ്കൽ തുകയുടെ 50 ശതമാനമാണ് കേന്ദ്രവിഹിതമായി ലഭിക്കുന്നത്. മറ്റു പദ്ധതികൾക്ക് പദ്ധതി മാർഗ്ഗരേഖപ്രകാരമുള്ള |

അനുപാതത്തിൽ കേന്ദ്രവിഹിതം ലഭിക്കുന്നു.

(സി) പദ്ധതിക്ക് അംഗീകാരം നൽകിയി ട്ടുണ്ടോ ; വിശദമാക്കുമോ;

(സി) ഉണ്ട്. ഇതിനകം അംഗീകാരം ലഭിച്ച പദ്ധതികൾ താഴെപ്പറയുന്നു.

<u>ജെ.എൻ.എൻ.യു.ആർ.എം.</u>

ബസ്സുവാങ്ങൽ – തിരുവനന്തപുരം, എറണാകുളം ഒഴികെയുള്ള ജില്ലകളിലെ പ്രധാന നഗരങ്ങളിലെ ഗതാഗതത്തിന് 110 എണ്ണം 400 എം.എം. ഡീസൽ പ്രീമിയം എ.സി. ബസുകളും 290 എണ്ണം 900 എം.എം. ഡീസൽ സ്റ്റാന്റേർഡ് നോൺ എ.സി. ബസുകളും വാങ്ങുന്നതിനും അവയ്ക്കാവശ്യമായ അനുബന്ധ സൗകര്യങ്ങളൊരുക്കുന്നതിനും 213.39 കോടി രൂപ അടങ്കലുള്ള ഒരു പദ്ധതി അംഗീകരിച്ചിട്ടുണ്ട്.

നഗരസഭകളുടെയും അതിലെ ജീവനക്കാരുടെയും ജനപ്രതിനിധികളുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുതകുന്ന 49.26 കോടി രൂപ അടങ്കലുള്ള ഒരു സമഗ്ര കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിന് അംഗീകാരം ലഭിച്ചിട്ടുണ്ട്.
മറ്റു പദ്ധതികൾ തുടർപദ്ധതികളാണ്.

(ഡി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

വിശദാംശം ലഭ്യമാക്കുമോ?

(ഡി) അടിസ്ഥാന നഗരവികസനം, റോഡ്‌വികസനം
നഗരപുനരുദ്ധാരണം,മലിനജല സംസ്കരണം
പൈതൃക സംരക്ഷണം
നഗരഗതാഗതം, ശുദ്ധജല വിതരണം
അഴുക്കുചാൽ/വെള്ളപ്പൊക്കനിവാരണം
ഖരമാലിന്യ സംസ്കരണം
ഉൾനാടൻ ജലഗതാഗതം
സെപ്റ്റേജ് മാനേജ്മെന്റ്
ജലാശയ സംരക്ഷണം
തെരുവുവിളക്കുകളുടെ പരിപാലനം,
ചേരിനിർമ്മാർജ്ജനം, നൂതനതൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കൽ, GIS കെട്ടിട നികുതി മാപ്പിംഗ് തുടങ്ങിയവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ